കേരള സർക്കാർ

നമ്പർ. 26873 /എഫ്2/13/ആ.ക.വ

ആരോഗ്യ കുടുംബക്ഷേമ(എഫ്) വകുപ്പ്
തീയതി, തിരുവനന്തപുരം, 17/06/2013

## സർക്കുലർ

വിഷയം :- ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- സംസ്ഥാനത്തെ സർക്കാർ /സ്വകാര്യ സ്ഥാപനങ്ങളിൽ "ഡ്രൈ ഡേ" ആചരിക്കുന്നത് -സംബന്ധിച്ച്.

സംസ്ഥാനത്ത് ഡെങ്കിപ്പനി വ്യാപകമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി നിയന്ത്രണവും കൊതുക നിവാരണവും സംസ്ഥാനത്ത് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/അർദ്ധസർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ/സ്വകാര്യ സ്ഥാപനങ്ങൾ /ആശുപത്രികൾ/കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൂൺ **20, 27,** ജൂലൈ **4** തീയതികൾ **'Dry Day'** ആയി ആചരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീയതിയിൽ ഉച്ചയ്ക്ക് 12 മുതൽ 1 മണി വരെ ഓഫീസ് മേധാവിയുടെ നേതൃത്വത്തിൽ ചുവടെ പറയുന്ന തരത്തിൽ ഊർജ്ജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

1. ഡ്രൈനേജും വെള്ളം കെട്ടിനിൽക്കുന്ന മറ്റ് കണ്ടയ്നറുകളിലും പരിശോധന നടത്തി ഉറവിടം ഇല്ലാതാക്കുക.
2. ടെറസ്സ്/ഓവ്ചാലുകൾ എന്നിവിടങ്ങൾ പരിശോധിച്ച് വെള്ളം കെട്ടിനിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
3. ഫ്ളവർ പോട്ട്സ് പരിശോധിച്ച് വെള്ളം കെട്ടിനില്ക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക.
4. ഫ്രിഡ്ജിന്റെ ട്രേ പരിശോധിച്ച് ക്ലീൻ ചെയ്യുക.
5. ശുദ്ധജല ടാങ്കുകൾ, പരിസര പ്രദേശങ്ങളിലെ ചിരട്ട, മുട്ടത്തോട് എന്നിവയിൽ വെള്ളം കെട്ടി നിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തുകയോ നശിപ്പിക്കുകയോ ചെയ്യുക.
6. നിർമ്മാണ സാമഗ്രികൾ ഉപയോഗ ശൂന്യമായ സാനിട്ടറി വെയേസ്റ്റ്, ടയറുകൾ ഇലക്ട്രിക് സാമഗ്രികൾ തുടങ്ങിയവ നീക്കം ചെയ്യുകയോ കൊതുകിന്റെ കൂത്താടി വളരാനുള്ള സാഹചര്യം ഇല്ലാതാക്കുകയോ ചെയ്യുക.
7. വാട്ടർ ടാങ്ക്, ഫിഷ് ടാങ്ക്, ടയർ തുടങ്ങി വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള എല്ലാ സാഹചര്യങ്ങളും ഇല്ലാതാക്കുക.
8. വാട്ടർ ടാങ്കുകളിൽ ഗപ്പി മത്സ്യം പോലുള്ള കൊതുകിന്റെ കൂത്താടിയെ നശിപ്പിക്കുന്ന മത്സ്യങ്ങൾ വളർത്തുക.

ഈ പ്രവർത്തനം ജൂൺ 20- ാം തീയതി വ്യാഴാഴ്ചയും തുടർന്നുള്ള രണ്ട് വ്യാഴാഴ്ചകളും വകുപ്പ്/സ്ഥാപനമേധാവികളുടെ മേൽനോട്ടത്തിൽ ചെയ്യേണ്ടതും, തന്റെ കീഴിലുള്ള ഓഫീസുകളിൽ ഇത്തരം പ്രവർത്തനം നടന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ശ്രീ. ഇ.കെ. ഭരത് ഭൂഷൺ

ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പുകൾക്കും (നിയമം, ധനകാര്യം ഉൾപ്പെടെ)
ആരോഗ്യ വകുപ്പ് ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
ഡയറക്ടർ, ഐ& പി.ആർ.ഡി.(എല്ലാ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലും വിപുലമായ പ്രചരണം നൽകുന്നതിന്)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.